## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 01.07.2014-ൽ മറുപടിക്ക്

ചോദ്യം നമ്പർ: 5429

### കെട്ടിട നിർമ്മാണത്തിലെ അധികച്ചെലവ് കുറയ്ക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി) |
| (എ) കെട്ടിട നിർമ്മാണത്തിലെ അധികച്ചെലവ് കുറയ്ക്കുന്നതിന് ഭവന നിർമ്മാണ വകുപ്പ് എന്തെങ്കിലും നയങ്ങളോ നിർദ്ദേശങ്ങളോ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ; | (എ) സുരക്ഷിത ഭവനം പൗരാവകാശം എന്ന ആശയം ഉൾക്കൊണ്ട് എല്ലാവർക്കും വീട് ലഭിക്കുക എന്ന ലക്ഷ്യത്തോടെയാണ് പാർപ്പിടനയം സർക്കാർ തയ്യാറാക്കിയിട്ടുള്ളത്. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രമായ കലവറയിൽ നിന്നും ബി. പി. എൽ ഉപഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ കമ്പി, സിമന്റ് എന്നിവ നൽകി വരുന്നു. നിർമ്മിതി കേന്ദ്രത്തിന്റെ വിവിധ പ്രൊഡക്ഷൻ സെന്ററുകൾ വഴി ഗുണമേന്മയുള്ള സാമഗ്രികൾ നൽകി വരുന്നു. നിർമ്മാണ മേഖലയിലെ ഏറ്റവും വലിയ പ്രതിസന്ധിയായ മണലിന്റെ ദൗർലഭ്യത പരിഹരിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വേണ്ടി അന്യ സംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും അത് കലവറ വഴി വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തൊഴിൽ പരിശീലനങ്ങൾ നടത്തി വരുന്നു. ഇപ്രകാരം വിവിധ പദ്ധതികൾ വഴി നിർമ്മാണ മേഖലയിലെ ചെലവ് സംസ്ഥാന നിർമ്മിതി കേന്ദ്രം നിയന്ത്രിച്ചു വരുന്നു. |
| ബി) പാവപ്പെട്ടവർക്കുള്ള ഭവന പദ്ധതികൾ ഫ്ലാറ്റ് ടൈപ്പുകളാക്കിയാൽ സാമ്പത്തിക ചെലവ് കുറയ്ക്കുവാനും ഭൂമി പരമാവധി പ്രയോജനപ്പെടുത്തുവാനും കഴിയുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; അപ്രകാരമുള്ള മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ എന്ന് പറയുമോ? | (ബി) ബോധ്യപ്പെട്ടിട്ടുണ്ട്.<br>ഭൂമിയുടെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്താനും, സാമ്പത്തികച്ചെലവ് കുറയ്ക്കാനും ഭൂ- ഭവന രഹിതരായ പാവപ്പെട്ടവർക്ക് ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന സാഫല്യം ഭവന പദ്ധതിയിൽ ഫ്ളാറ്റുകളാണ് നിർമ്മിക്കുന്നത്. തുച്ഛ വരുമാനക്കാർക്കായി പഞ്ചായത്തിന്റെ ഭൂമിയിൽ ബോർഡ് സർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന സങ്കേതം ഭവന പദ്ധതിയിലും ഫ്ളാറ്റുകളാണ് |

നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. നഗരത്തിൽ ജോലി ചെയ്യുകയും എന്നാൽ നഗരാതിർത്തിക്കു പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തിൽ താമസിക്കുകയും ചെയ്യുന്ന പാവപ്പെട്ട BPL തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതി നുള്ള വാടകവീട് പദ്ധതിയായ ഇന്നൊവേറ്റീവ് ഭവന പദ്ധതിയിലൂടെയും ബോർഡ് ഫ്ളാറ്റുകളാണ് നിർമ്മിക്കുന്നത്.

സെക്ഷൻ ഓഫീസർ